## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 327 13.10.2011-ൽ മറുപടിക്ക്**

## കലവറകളിൽ നിന്ന് ന്യായവിലയ്ക്ക് മണൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.എസ്. സുനിൽകുമാർ<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. കെ. അജിത്ത്<br>ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) സർക്കാർ നിയന്ത്രണത്തിൽ ന്യായ വിലയ്ക്ക് മണൽ എത്ര കലവറകളിലൂടെ യാണ് നല്കിയിരുന്നത്; അവ ഏതെല്ലാം; | (എ) | പതിനൊന്ന് കലവറകളിലൂടെയാണ് ന്യായ വിലയ്ക്ക് മണൽ നല്കിയിരുന്നത്.<br><br>സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ നിയന്ത്രണത്തിലുള്ള അരുവിക്കര, കുളത്തുപ്പുഴ, തണ്ണിത്തോട്, കോഴിക്കോട് കലവറകൾ, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ നടത്തുന്ന കലവറകൾ. |
| (ബി) ന്യായവിലയ്ക്കുള്ള മണലിനായി എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കു മോ; | (ബി) | 7.10.2011 വരെ 3270 അപേക്ഷകൾ നിലവി ലുണ്ട്. |
| (സി) പ്രസ്തുത കലവറകളിൽ നിന്ന് അവസാനമായി മണൽ വിതരണം നടത്തിയ തെന്നാണ്; | (സി) | അനധികൃതമായി കടത്തുമ്പോൾ പോലീസ്, റവന്യൂ അധികൃതർ പിടിച്ചെടു ക്കുന്ന മണലാണ് ജില്ലാനിർമ്മിതി കേന്ദ്ര ങ്ങൾ മുഖേന വിതരണം ചെയ്യുന്നത്. ഇപ്രകാരം മണൽ ലഭിക്കുന്ന ദിവസങ്ങ ളിൽ എല്ലാം തന്നെ ജില്ലാനിർമ്മിതി കേന്ദ്രങ്ങളിൽ നിന്നും വിതരണം നടത്താറു ണ്ട്. കുളത്തൂപ്പുഴ, തണ്ണിത്തോട് കലവറ കളിൽനിന്നും യഥാക്രമം 17.6.2011, 4.10.2011 തീയതികളിലാണ് അവസാനമായി |

വിതരണം നടത്തിയത്. മണലിൻെറ ദൗർലഭ്യം കാരണം അരുവിക്കര കലവറ 1.9.2011-ൽ നിർത്തുകയുണ്ടായി.

(ഡി) കലവറകളിൽ നിന്നും നൽകുന്ന മണലിന് എത്ര തുക വീതം ഈടാക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) മണലിൻെറ ഗുണനിലവാരം അനുസരിച്ച് ഒരു ഘനമീറ്റർ മണലിന് യഥാക്രമം 634, 530, 426 രൂപ നിരക്കിലാണ് വിൽപ്പന നടത്തുന്നത്.

കുളത്തൂപ്പുഴ, തണ്ണിത്തോട് കലവറകളിൽ നിന്നും എ.പി.എൽ, ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് ഒരു ഘനമീറ്റർ മണലിന് യഥാക്രമം 2669/-, 1078/- രൂപ നിരക്കിലാണ് വിൽപ്പന നടത്തുന്നത്.

(ഇ) സംസ്ഥാനത്തെ കലവറകളുടെ പ്രവർത്തനം ഇപ്പോൾ കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള കലവറകളെ ശക്തിപ്പെടുത്തുന്നതോടൊപ്പം പുതിയതായി 14 കലവറകൾ കൂടി ഈ സാമ്പത്തിക വർഷം ആരംഭിക്കാനായി ഉദ്ദേശിക്കുന്നുണ്ട്. കുളത്തൂപ്പുഴ കലവറയിലെ വിതരണം പുനരാരംഭിക്കുന്നതിനായി വനം വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ ആരംഭിച്ചു.

സെക്ഷൻ ആഫീസർ